ലക്കം-7/ജൂലൈ, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# ആമുഖം

## സർവ്വ വിഘ്ന ഹരം ദേവം....

മഴ മടുത്തു തുടങ്ങിയ മലയാളിയെത്തേടി കർക്കിടകമെത്തുകയായി. മലയാളിയുടെ ആത്മനൊമ്പരങ്ങളും പൈതൃക സ്മൃതിയും ചാലിച്ചു ചേർത്ത കർക്കിടക വാവുബലി... നന്നേ ചെറുപ്പത്തിൽ കിലോമീററുകൾ നടന്ന്, അറിയുന്നതും അറിയാത്തതുമായ എത്രയോ തലമുറകൾക്കായി ഈറനടത്ത് ബലിയിട്ടത് ഇന്നും ഓർമ്മയിൽ മായാതെ നിൽക്കുന്നു... ചന്നംപിന്നം പെയ്യുന്ന മഴയിൽ അനേകായിരങ്ങളിലൊരാളായി ബലിയിട്ടു മടങ്ങുമ്പോൾ ശരീരം പോലെ മനസ്സും നന്നേ കുളിർന്നിരുന്നു. തണുത്തുറഞ്ഞ കർക്കിടക രാവുകൾക്കും അടച്ചു പെയ്യുന്ന പേമാരിയ്ക്കും മലയാളിയിലെ നന്മയെ തളർത്തുവാനാകാത്തത് അതിശയമായി തോന്നാറുണ്ട്.

കർക്കിടകത്തിന്റെ കരിനിഴലിൽ ആണ്ടു കിടക്കുമ്പോഴും പൂർവ്വികസ്മൃതി മായാതെ കാത്തു സൂക്ഷിക്കുന്ന ബലി ചടങ്ങുകൾ ഓർമ്മിപ്പിക്കുന്നത്, മര്യാദയുടെ ആദ്യപാഠമാണ്. ആദരവിന്റെയും സ്നേഹത്തിന്റെയും ഉറവകൾ വററാതെ നിലനിർത്തുവാൻ പൂർവ്വികർ കണ്ടെത്തിയ മാർഗ്ഗം. ബന്ധങ്ങൾക്ക് വിലകല്പിച്ചിരുന്ന ഒരു മുൻതലമുറയിൽ നിന്നും നമുക്ക് പകർന്നു ലഭിച്ച സുകൃതം.

നമ്മുടെ ഉള്ളിലെ നന്മയുടെ ഇനിയും അണയാത്ത ചിരാതുകളിലൊന്നായി നാം മലയാളികൾക്ക് അഭിമാനിക്കുവാൻ വക നൽകുന്നതാണ് കർക്കിടകത്തിലെ രാമായണ പാരായണം. ഭാഷാ പിതാവു പകർന്നു നൽകിയ ഭക്തിയുടെ നിറവിൽ മുഴുവൻ മലയാളികളും രമിക്കുമ്പോൾ അജ്ഞതയുടെ രാവു മാറി (രാ–മായണം) സമൃദ്ധിയുടെയും സന്തോഷത്തിന്റെയും പങ്കുവയ്ക്കലിന്റെയും മാസമായ ചിങ്ങം പിറക്കുന്നു. മലയാളിയുടെ ഏററവും വലിയ ആഘോഷമായ പൊന്നോണം... കടുത്ത വറുതിയ്ക്കിടയിലും എന്നും തുണയാകുന്ന ഈശ്വരസ്മൃതി ഉണർത്തുന്നതാണ് കർക്കിടകത്തിലെ രാമായണ പാരായണം. ആദിമദ്ധ്യാന്തം ആദ്ധ്യാത്മികമായ പൊരുൾ നിറഞ്ഞു നിൽക്കുന്ന രാമായണം മുഴുവൻ മനുഷ്യകുലത്തിന്റെയും സംഘർഷത്തിന്റെയും വിജയത്തിന്റെയും കഥയാണ്.

ഏതൊരു മനുഷ്യന്റെ ജീവിതത്തിലും വന്നെത്തുന്ന പ്രതിസന്ധി ഘട്ടങ്ങളുടെ പ്രതീകം കൂടിയാണ് കർക്കിടകം. പ്രതികൂലമായ കാലാവസ്ഥ, സാംക്രമിക രോഗങ്ങൾ, തൊഴിലില്ലായ്മയും വറുതിയും ഇവയൊക്കെ വിജയത്തിലേയ്ക്ക് കുതിക്കുന്ന ആരുടെയും മുന്നിൽ കടന്നു വരുന്ന വിഘ്നങ്ങളാണ്. ഇവിടെ നമ്മെ പരാജയപ്പെടുത്തുവാൻ ഒന്നിനു മാത്രമേ കഴിയൂ, നമ്മുടെ അലസതയ്ക്ക്. അറിയാതെ തന്നെ സുരക്ഷിത സ്ഥാനത്തേയ്ക്ക് ഉൾവലിയുവാനുള്ള ഒരു പ്രവണത നാം ഓരോരുത്തരിലും ഒളിഞ്ഞു കിടപ്പുണ്ട്. പരിചയം, താത്പര്യം, ആവശ്യകത, സമയം, സ്നേഹം ഇവയുടെ കുറവാണ് പലപ്പോഴും ഇതിനു കാരണമാകുന്നത്.

സത്യമായ ഈശ്വരസ്നേഹവും നിമിത്തഭാവവും ഈ വിഘ്നങ്ങളെ എല്ലാം മറികടക്കുവാൻ നമ്മെ സഹായിക്കും. കർക്കിടകം നമുക്ക് നൽകുന്ന പാഠവും ഇതു തന്നെ.

ലോകാ സമസ്താ സുഖിനോ ഭവന്തു എന്നു രാവും പകലും ജപിക്കുന്ന ഹവിസ്സിന്റെ പ്രവർത്തകർക്ക് കർക്കിടകം പകരുന്ന കരുത്ത് വളരെ വലുതാണ്. വിഘ്നങ്ങളെ വിജയമാക്കി മാററുന്ന മലയാളിയുടെ അതേ പ്രൗഢ രക്തം തന്നെയാണ് ഹവിസ്സിന്റെ ജീവൻ.

പുതുതലമുറയിലെ മലയാളികളിൽ ചിലരെങ്കിലും ഇവയൊക്കെ മറന്ന് പുത്തൻ ജീവിതശൈലിയുടെ പ്രഭാവലയത്തിൽ പെട്ടുപോയത് ഹവിസ്സ് കാണാതിരിക്കുന്നില്ല. പക്ഷേ, അനവരതം തുടരുന്ന നന്മയുടെ ഈ യജ്ഞശിഷ്ടം ഭുജിച്ച് അവരും നേർവഴി കണ്ടെത്തും എന്ന് ഞങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ട്. കർക്കിടകത്തിന്റെ അനർത്ഥങ്ങളൊഴിഞ്ഞ് സമൃദ്ധിയുടെ തീരത്തണയുവാൻ ഏവർക്കും സർവ്വേശ്വരൻ തുണയാകട്ടെ.

സർവ്വ വിഘ്ന ഹരം ദേവം
സർവ്വ വിഘ്ന വിവർജ്ജിതം
സർവ്വ സിദ്ധി പ്രദാധാരം
വന്ദേഹം ഗണ നായകം.



# താളുകൾ മറിക്കുമ്പോൾ

സ്വയം മുതിർന്നവരായി കണക്കാക്കുന്നത് വിശാല ഹൃദയത്വമാണ്................................... ദാദി ജാനകി

ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും.......ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ

ആബുവിലെ മഴ (കവിത).................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

സ്വയം തിരിച്ചറിവിന്റെ ഉള്ളടക്കം..................................................................ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

സൃഷ്ടി രഹസ്യം....................................................................ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

നമുക്കെന്നെന്നും ഓണമല്ലേ..(കവിത)................................................................ബി.കെ. വിജയമ്മ, കോട്ടയം

പാവകൾ........................................................................................................................ഹവിസ്സ് ബ്യൂറൊ

ഈശ്വരീയ സേവനം കേരളത്തിൽ.......................................................................................................................

സത്യമേവ ജയതേ .........................................................................................ബി.കെ. അനിൽ, തിരുവനന്തപുരം

അവിടെയും ഇവിടെയും............................................................................ബി.കെ. അമ്പിളി, മൗണ്ട് ആബു

കേരളം ദൈവത്തിന്റെ സ്വന്തം നാട്.......................................................ബി.കെ. സുഭാഷ്, മൗണ്ട് ആബു

സഹജരാജയോഗം.................................................................ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ



**ബഹു. ഡോ. ദാദി ജാനകി**
**മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്**

**സ്വയം മുതിർന്നവരായി കണക്കാക്കുന്നത് വിശാല ഹൃദയത്വമാണ്.**

മുതിർന്നവരാകുകയെന്നാൽ നൽകുന്നവരാകുക. മുതിർന്നവരാകുമ്പോൾ നമ്മെക്കാളും കുറഞ്ഞ ഭാഗ്യ ശാലികളായവർ ഉണ്ടെന്നും അവരെ സഹായിക്കേണ്ടിയിരിക്കുന്നു എന്നും നാം മനസ്സിലാക്കുന്നു. ഈ കാഴ്ചപ്പാട് മററുള്ളവരുടെ ശുഭാശംസകൾക്ക് പാത്രമാകുവാനും അതുവഴി നമ്മുടെ പുരോഗതിയ്ക്കും സഹായകരമാകും.

**പ്രശ്നങ്ങളെ അവ എപ്രകാരമാണോ അപ്രകാരം കാണുന്നത് പരിമിതികളുടെ പ്രഭാവത്തിൽ നിന്നും മുക്തരാക്കും.**

പ്രശ്നങ്ങളെ അവ എപ്രകാരമാണോ അപ്രകാരം ഞാൻ മനസ്സിലാക്കണം, എന്റെ വ്യക്തിത്വത്തിന്റെ പ്രഭാവം അവയിൽ ചെലുത്താതെ നോക്കണം. അപ്പോൾ സാഹചര്യങ്ങളോടുള്ള എന്റെ സമീപനം പ്രതികരണത്തിനു പകരം സഹയോഗത്തിന്റേതാകും.

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വര ന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും

**ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ**

ഗീത– അമരത്വത്തിന്റെ ശാസ്ത്രം, ജീവിതത്തിൽ ഏറ്റവും ഭയവും ദുഃഖവും ജനിപ്പിക്കുന്ന ഒന്നാണ് മരണം. ജനിച്ചാൽ മരിക്കുമെന്ന് ഉറപ്പുണ്ടെങ്കിലും മരണഭയവും മരണദുഃഖവും മനുഷ്യനെ എന്നും അലട്ടുന്നതാണ്. മരണഭയം വിശ്വവ്യാപകമായി പരന്നിരുന്ന ഒരു സമയമാണ് മഹാഭാരതയുദ്ധ കാലഘട്ടം. മാരകനശീകരണശേഷിയുള്ള ആയുധങ്ങളുമായി അനേക യോദ്ധാക്കൾ അണിനിരന്ന യുദ്ധമാണ് മഹാഭാരതയുദ്ധം. അത് നാം ജീവിക്കുന്ന ഇതേ കാലഘട്ടമാണ് എന്ന് തിരിച്ചറിയണം. ഇന്ന് നാം ജീവിക്കുന്ന ഭൂമിയിൽ ഏതാണ്ട് 27000 ൽ പരം ആണവായുധങ്ങൾ അഥവാ മുസലങ്ങൾ നിരന്നിട്ടുണ്ട്. എന്തുകൊണ്ട് മത്സരിച്ച് ഓരോ രാജ്യവും ആയുധങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നു എന്ന് നമുക്ക് പരിശോധിക്കാം. ഉദാഹരണമായി ഇന്ത്യ ആദ്യമായി ആണവായുധം നിർമ്മിച്ചു. നാം അത് സമാധാനത്തിനു വേണ്ടിയാണ് നിർമ്മിച്ചത് എന്ന് പറഞ്ഞെങ്കിലും പാക്കിസ്ഥാന് അവരുടെ സമാധാനം പോയി. എന്തുകൊണ്ടെന്നാൽ ഒരു യുദ്ധമുണ്ടായാൽ ഈ ആയുധമുപയോഗിച്ച് ഇന്ത്യാക്കാർ നമ്മെ കൊല്ലും എന്ന ഭയം സ്വാഭാവികമായി പാക്കിസ്ഥാനുണ്ടായി. ഈ ഭയത്തിൽ നിന്ന് പാക്കിസ്ഥാനും ആദ്യമായി ആണവായുധമുണ്ടാക്കി. പാക്കിസ്ഥാൻ ആണവായുധമുണ്ടാക്കിയപ്പോൾ, സ്വാഭാവികമായി ഇന്ത്യക്കാരുടെ ഭയം വർദ്ധിച്ചു. എന്തുകൊണ്ടെന്നാൽ യുദ്ധത്തിൽ ഭാരതത്തിന്റെയത്ര സംയമനശേഷിയില്ലാത്ത പാക്കിസ്ഥാൻ ഈ ആയുധം പ്രയോഗിച്ചാൽ ഇന്ത്യാക്കാരുടെ ജീവൻ ആപത്തിലാകും. ഈ ഭയത്തിൽ നിന്നും മുക്തമാകുവാൻ ഇന്ത്യ രണ്ടാമത്തെ ആണവായുധമുണ്ടാക്കി. പാക്കിസ്ഥാനും രണ്ടാമത്തേതുണ്ടാക്കി. ഈ മരണഭയവും അതിൽ നിന്നുണ്ടായ മത്സരവും മൂലം ഇപ്പോൾ ഇന്ത്യയ്ക്കും പാക്കിസ്ഥാനും ഏതാണ്ട് 100 വീതം ആണവായുധങ്ങളുണ്ട്, ലോകത്തിൽ മൊത്തമായി ഏതാണ് 27000 വും. അപ്പോൾ, ഭൂമി ആയുധക്കൂമ്പാരമാകാനുള്ള അടിസ്ഥാന കാരണമെന്താണ്? മരണഭയം! ഇവിടെ ചിന്തിക്കേണ്ട ഒരു കാര്യം, ആയുധങ്ങൾ മനുഷ്യന്റെ മരണഭയം കുറച്ചോ കൂട്ടിയോ? തീർച്ചയായും മരണഭയം സകലമനസ്സുകളിലും അഗ്നി പോലെ പടർന്നിരിക്കുന്നുവെന്നതാണ് വാസ്തവം. ആസന്നമായ ഈ കുട്ടമരണക്കളത്തിൽ നിസ്സഹായനായി നിൽക്കുന്ന മനുഷ്യന്റെ പ്രതീകമാണ് അർജ്ജുനൻ. താനും തന്റെ ബന്ധുക്കളും മരിക്കുവാൻ പോകുന്ന ഈ യുദ്ധത്തിൽ അവരുടെ മരണത്തെക്കുറിച്ചാലോചിച്ച് ബോധക്കേടിനടുത്ത അവസ്ഥയിലാണ് അർജ്ജുനൻ. സ്വന്തം ബന്ധുവിന്റെ ആസന്നമരണത്തെക്കുറിച്ചുള്ള സൂചന ഏതൊരു മനുഷ്യനേയും വിഷമസ്ഥിതിയിലെത്തിക്കും. ജീവിതത്തിന്റെ സകല സൗന്ദര്യവും സന്തോഷവും

സമാധാനവും ഇല്ലാതാക്കുന്ന ഈ മരണഭയം ഇല്ലാതാക്കിയാൽ മാത്രമേ ആർക്കും ജീവിതം ആസ്വദിക്കാൻ പറ്റൂ. ആണാവായുധത്തിന് ഇല്ലാതാക്കാൻ പറ്റില്ല എന്ന് കാലം തെളിയിച്ച ഈ മരണഭയത്തെ ഇല്ലാതാക്കാൻ ഗീതാജ്ഞാനദാതാവായ ഭഗവാൻ മറ്റൊരു ആയുധമാണ് ജീവാത്മാവിന്റെ ബുദ്ധിയാകുന്ന ഗാണ്ഡീവത്തിൽ നിറയ്ക്കുന്നത്. അതാണ് ഭാരതത്തെ ഭാ-രതമാക്കിയ ആത്മജ്ഞാനം. ഭാരതം എന്നാൽ ആ വാക്കിന്റെയർത്ഥം തന്നെ പ്രകാശത്തിൽ, അതായത് ആത്മബോധത്തിൽ രമിക്കുന്നവരുടെ നാടെന്നാണ്. ശാശ്വതമായ ഈ ആത്മജ്ഞാനത്തിന്റെ വിത്ത് ഒരിക്കൽ ഭഗവാൻ വിതച്ചതിനാലാണ് ഇന്നും അനേക വൈദേശിക ആക്രമണങ്ങൾക്കു ശേഷവും ഭാരതവും ഭാരതത്തിന്റെ സംസ്കാരവും മരിക്കാതെ നിലനിൽക്കുന്നത്. ഉപനിഷത്തുകളും ആത്മാവിന്റെ അനശ്വരത ഉദ്ഘോഷിക്കുന്നുണ്ടെങ്കിലും ഗീത ഈ അനശ്വരതയുടെ ആവർത്തിച്ചുള്ള പ്രഖ്യാപനമാണ്.

അജ്ഞാനം അല്ലെങ്കിൽ അന്ധകാരം എന്നു പറയുന്നതെന്താണ്? ദേഹമാണ് 'ഞാൻ' എന്ന തെറ്റായ ബോധമാണ് സകല അജ്ഞാനത്തിന്റെയും അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും ഭയത്തിന്റെയും ഉറവിടം. ഒരു ദിവസം മനുഷ്യൻ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാക്കാണ് 'ഞാൻ' എന്നുള്ളത്. ഞാൻ എന്നു പറയുമ്പോൾ മനുഷ്യന്റെ മനസ്സും ബുദ്ധിയും ശരീരത്തിലാണ് പതിക്കുന്നത്. ശരീരത്തിന്റെ രൂപം, നിറം, ലിംഗം, പ്രായം, ജാതി ഇതെല്ലാമാണ്, ഞാൻ എന്ന നിലയിലാണ് ഇന്ന് മനുഷ്യരുടെ ബോധം നിൽക്കുന്നത്. എന്നാൽ ഈ ദേഹം എന്തിൽ നിന്നുണ്ടായി? കഴിച്ച ആഹാരവും, കുടിച്ച വെള്ളവും, ശ്വസിച്ച വായുവുമാണ് മനുഷ്യശരീരം. പ്രകൃതിയുടെ പഞ്ചതത്വങ്ങളാൽ പ്രകൃതി നിർമ്മിച്ചു നൽകിയ വാഹനം മാത്രമാണ് ഈ ശരീരം. ജനനം, വളർച്ച, പരിണാമം, ജര, നര, നാശം ഇത് ഈ ശരീരത്തിന്റെ അഥവാ പ്രകൃതിയുടെ അലംഘനീയ നിയമമാണ്. ഞാൻ ശരീരമാണ്, എന്റെ ബന്ധു ശരീരമാണ് എന്ന ബോധത്തിലാണ് നാം ജീവിക്കുന്നതെങ്കിൽ മരണഭയം സ്വാഭാവികം മാത്രമാണ്. ഗുരുക്കന്മാരുടെയും ബന്ധുജനങ്ങളുടെയും നശിച്ചുപോകുന്ന ശരീരങ്ങളെ കണ്ട്, ആ ശരീരങ്ങളുടെ മരണത്തെക്കുറിച്ചാലോചിച്ച് വിഷാദമഗ്നന്മാരായിരിക്കുന്ന അർജ്ജുനന്മാരുടെ സകലദുഃഖങ്ങളും ഇല്ലാതാക്കാനായി സത്യസ്വരൂപനായ ഭഗവാൻ ജനിച്ച് സകലമനുഷ്യരും അറിയേണ്ട അടിസ്ഥാനജ്ഞാനം ഗീതാജ്ഞാനശംഖധ്വനിയായി മുഴക്കുന്നു. ഓരോ ശരീരങ്ങളിലും 'ഞാൻ' എന്നു പറയുന്ന ഒരു അനശ്വര ദീപമുണ്ട്. ശരീരം 'എന്റെ'യാണ്. 'ഞാൻ' ശരീരമല്ല. ശരീരത്തെ ഭരിക്കുന്ന, ശരീരത്തിന്റെ ഇന്ദ്രിയങ്ങളുപയോഗിച്ച് കർമ്മം ചെയ്യുന്ന, ശരീരനാശത്തിലും നാശമില്ലാത്ത ഒരു അനശ്വരദീപമാണ് ഞാൻ. ശരീരത്തിന്റെ ഹൃത്തായ ഭാഗത്ത്, അതായത് ഏറ്റവും പ്രധാനഭാഗമായ ശിരോമദ്ധ്യത്തിൽ, ഇരു പുരികമദ്ധ്യത്തിലായി ഈ പ്രകാശം ഉപവിഷ്ഠനായി തനിക്ക് പ്രകൃതി നൽകിയ ശരീരമുപയോഗിച്ച് പ്രകൃതിയിൽ നിന്നുള്ള സുഖം അനുഭവിക്കുന്നു. സുഖ-ദുഃഖങ്ങളെക്കുറിച്ചുള്ള ചർച്ച വേറൊരവസരത്തിൽ നമുക്ക് ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

ന ത്വേവാഹം ജാതു നാസം ന ത്വം നേമേ ജനാധിപാഃ
ന ചൈവ ന ഭവിഷ്യാമഃ സർവേ വയമതഃ പരം

(ഹേ അർജുന! ഞാനും നീയും ഈ യുദ്ധക്കളത്തിലുള്ള രാജാക്കന്മാരും ഒരിക്കലും ഇല്ലാതിരുന്നിട്ടില്ല, മേലിലും നാമാരും ഇല്ലാതാകുകയുമില്ല– ഗീത 2:12)

**മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ്**
**തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു**

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.



# ആബുവിലെ മഴ

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

വന്നു............. ഞാനീ പാവനധരണിയിൽ
ആബുവാം ബാബയിൻ ഹൃത്തിൽ
എൻ ബാബതൻ വരദാന ഭൂവിൽ
പീലി വിടർത്തി നർത്തനമാടുമൊരു മയിലായ്

ഉത്തുംഗ ശൃംഗങ്ങൾ എന്നെ വരവേറ്റു
മലയിലെ മഴ പനിനീർ തളിച്ചു
നാനാ വർണ്ണങ്ങളിൻ പുഷ്പവൃഷ്ടി നടന്നു
സഫലതയിൻ തലോടലനുഭവിച്ചെങ്ങും


പെരുമഴ കൊടുമുടികളെ മറച്ചു സുതാര്യമായി
കുതിച്ചൊഴുകി പൊട്ടിച്ചിരിച്ചു താഴെ പതിച്ചു ജലധാരകൾ
കാറ്റിൻ ദ്രുത താളം പിടിക്കും വൻ വൃക്ഷങ്ങൾ
കാണാമെങ്ങും ആബുവിൻ ശോഭ.... ഗംഭീരത

കൊട്ടാരസദൃശമാം ഭവനഗോപുരങ്ങൾ
മലനിരകളെ വെല്ലുമാറുയരത്തിൽ കാണാം
ബാബതൻ കൊടി പാറിപ്പറക്കുന്നതിൻ നെറുകയിൽ
അതിനുള്ളിലോടി നടക്കുന്നു ബാബതൻ കൺമണികൾ


**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment News Channel. No Advertisement..**

PEACE OF MIND CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**



# സ്വയം തിരിച്ചറിവിന്റെ ഉള്ളടക്കം

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

ഈ ലോകത്തുള്ളവർക്കെല്ലാം ആത്മാവാണ് ശരീരം ഉപേക്ഷിച്ചുപോകുന്നതെന്നും, അതിനു മരണം എന്ന് പറയപ്പെടുന്ന എന്നും അറിയാവുന്നതാണ്. പക്ഷെ ഈ ആത്മാവ് ശരീരത്തിൽ ഉള്ളപ്പോൾ "ഞാൻ ആത്മാവാണെന്നുള്ള ബോധം ആർക്കും ഉണ്ടാകുന്നില്ല. ആത്മജ്ഞാനം പ്രാപ്തമായിട്ടുള്ളവർ പോലും ഞാൻ ആത്മാവാണെന്നുള്ള ബോധത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്നില്ല. വാസ്തവത്തിൽ ഞാൻ ആത്മാവാണെന്നുള്ള ബോധം സദാ നടപ്പിൽ വരുത്തേണ്ട പരിശ്രമമാണ് നാം എല്ലാവരും ചെയ്യേണ്ടത്. ഈ ഞാൻ "ആത്മാവ്" എന്നുള്ള എന്റെ യഥാർത്ഥ വ്യക്തിത്വത്തിന് പലവശങ്ങളും ഉണ്ട്. ഞാൻ ഗുപ്തനും, വിചിത്രനും, സൂക്ഷമ പ്രകാശമാവുമായതുപോലെ എന്റെ പ്രത്യക്ഷത അല്ലെങ്കിൽ പ്രതിബിംബം പല തരത്തിലുള്ള സൂക്ഷ്മതകളിലും നിന്ന് സ്ഥൂലനില വാരത്തിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇനി വിവരിക്കാൻ പോകുന്ന തലങ്ങളിലും സ്വരൂപത്തിലും ഞാൻ ഈ ലോകത്തു ജീവിതമാകുന്ന മാർഗ്ഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയും സുഖവും ദു:ഖവും അനുഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ എന്റെ ഭാവങ്ങളെ തിരിച്ചറിഞ്ഞാൽ എന്നെ എനിക്ക് നന്നാക്കാൻ കഴിയും. ഈ സ്വരൂപങ്ങളെ, ഉദ്ദേശങ്ങളെ, ഭാവങ്ങളെ, പെരുമാറ്റരീതികളെ എനിക്ക് അടുത്ത്കണ്ട് മനസ്സിലാക്കാനും അതിനെ ശുദ്ധികരിക്കാനും സാധിക്കും.

(1) സങ്കല്പങ്ങൾ – (man is a bundle of thoughts) മനുഷ്യൻ സങ്കല്പങ്ങളുടെ ഒരു ഭാണ്ഡമാണെന്നാണ് പറയപ്പെടുന്നത്. സങ്കല്പങ്ങളിൽ നിന്നാണ് മറ്റെല്ലാ പ്രവൃത്തികളും തുടങ്ങുന്നത്. സങ്കല്പങ്ങൾ സൂക്ഷ്മമാണ്. അതിനെ കാണാൻ സാധിക്കുകയില്ല വാക്കിലും പ്രവൃത്തികളിലും പെരുമാറ്റങ്ങളിലും സ്വഭാവ സംസ്കാര ഭാവങ്ങളിൽ കൂടെ മാത്രമേ നമ്മുടെ സങ്കല്പങ്ങളുടെ നിലവാരം നമുക്ക് മനസിലാക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് നമ്മുടെ സങ്കല്പങ്ങളുടെ ഗുണചട്ടം ഉയർത്തുമ്പോൾ നമ്മുടെ ജീവിത നിലവാരം ഉയരും. ഇതു ചെയ്യാൻ സ്വയം തന്നെ പരിശ്രമിക്കേണ്ട ആവശ്യം ഉണ്ട്. ആത്മബോധത്തിൽ ജീവിക്കുന്ന ഓരോരുത്തരും അവരവരുടെ സങ്കല്പങ്ങളുടെ ക്വാളിറ്റി ശ്രദ്ധിക്കുന്നവരായിരിക്കുകയും അതിനെ കൂടുതൽ മെച്ചപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നവരായിരിക്കേണ്ടതുണ്ട്.

(2) ഭാവങ്ങൾ – (meaning/focus) ആരെങ്കിലും സംസാരിക്കുമ്പോൾ അല്ലെങ്കിൽ ആരുടെയെങ്കിലും പ്രവൃത്തികൾ നമുക്കതിനെ ശരിയായിട്ട് മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ മറ്റുള്ളവരോട് സാധാരണ ചോദിക്കാറുള്ളതാണ്–"അവർ പറഞ്ഞതിന്റെ അർത്ഥമെന്താണ്, അല്ലെങ്കിൽ അവരുടെ ഭാവമെന്താണ്." ഒരുപക്ഷെ സങ്കല്പ തലത്തിൽ നല്ലതായിരിക്കും ചിന്തിച്ചത്, പക്ഷെ ഭാവത്തിന്റെ തലത്തിൽ ഇറങ്ങിയപ്പോൾ ഭാവത്തിൽ വ്യത്യാസം വരുന്നു. അതുകൊണ്ട് നമ്മുടെ ഭാവങ്ങളെ പരീക്ഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യേണ്ട ആവശ്യം ഉണ്ട്. സങ്കല്പങ്ങളിൽ നിന്ന് വ്യതിയാനം ഉണ്ടാകുകയാണെങ്കിൽ ഉടൻ തന്നെ അതിനെ തിരുത്തേണ്ട ആവശ്യം ഉണ്ട്.

(3) ഭാവനകൾ – (Feelings) നമുക്കറിയാം നമ്മുടെ സങ്കല്പങ്ങളിൽ നിന്നാണ് നമ്മുടെ ഭാവങ്ങളും ഭാവനകളും ഉടലെടുക്കുന്നത്. പക്ഷെ സങ്കല്പങ്ങൾ ഭാവങ്ങളിലേക്ക് മാറുന്ന ആ കാലയളവിൽ നമ്മുടെ ഭാവനകൾ പരിവർത്തനപ്പെടാൻ സാധ്യതകൾ ഉണ്ട്. അതുകൊണ്ട് ഭാവനകളുടെ തലത്തിലും നമുക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ ഭാവനകളെ മനോഹരവും, മധുരവും, ശാന്തവും സ്നേഹമയവും ശുഭഭാവന നിറഞ്ഞതുമാക്കേണ്ട ആവശ്യം ഉണ്ട്. നമ്മെ നമുക്ക് ശ്രദ്ധിക്കേണ്ട ആവശ്യം ഉണ്ട്.

(4) ദർശനങ്ങൾ – (visions) നമ്മുടെ ഭാവനകളെ നാം ഉടൻ തന്നെ ദർശിക്കാൻ തുടങ്ങും. പക്ഷെ നമ്മൾ നമ്മെ ശ്രദ്ധിച്ചില്ലെങ്കിൽ, നമ്മുടെ ദർശനങ്ങളെ ശ്രേഷ്ഠമാക്കുന്നതിനു പകരം കനിഷ്ഠമാക്കാനോ, സാധാരണ തലത്തിലുള്ളതാക്കാൻ സാധ്യതകളുണ്ട്. നമ്മുടെ ദർശനങ്ങൾ സാക്ഷാത്കരിക്കപ്പെടും. നമ്മുടെ ദർശനങ്ങൾ അതുപോലെയായി പരിണമിക്കും. നമുക്കെല്ലാവർക്കും "സ്വർഗ്ഗത്തിന്റെ പുതിയ ലോകത്തിന്റെ" ദർശനമാണ് ഈശ്വരൻ തന്നിരിക്കുന്നത്. നമ്മളെല്ലാവരും ഒത്തൊരുമിച്ചൊരു മാസ്റ്റർ വിഷൻ തയ്യാറാക്കിയിരിക്കുകയാണ്. ഈ ദർശനം ദർശിച്ചുകൊണ്ടിരിക്കുന്നവരാണ് നമ്മളെല്ലാവരും. നമ്മൾ ദർശിച്ചുകൊണ്ടിരിക്കുന്ന ദൃശ്യം സ്ഥൂലരൂപത്തിൽ പ്രത്യക്ഷപ്പെടും. അതിനാൽ നമ്മുടെ ദർശനങ്ങളെ ശ്രേഷ്ഠ നിലവാരത്തിൽ നിലനിർത്താൻ നാം നമ്മളെ ശ്രദ്ധിക്കണം.


(5) വീക്ഷണങ്ങൾ–(view points/ Intentions) നമ്മുടെ വീക്ഷണങ്ങളിൽ നിന്നാണ് ദർശനങ്ങളിലേക്കിറങ്ങുന്നത്. നമ്മുടെ വീക്ഷണങ്ങൾ ശുഭവും, ശ്രേഷ്ഠവും, സന്മാർഗ്ഗികവും ആയിരിക്കേണ്ടതാണ്. വീക്ഷണങ്ങൾ ശരിയായ പാതയിലാണെങ്കിൽ നമ്മുടെ ഭാവങ്ങളും, ഭാവനകളും, ദർശനങ്ങളും സന്മാർഗ്ഗത്തിലായിരിക്കും. സങ്കല്പങ്ങൾ ശക്തിശാലിയായിരുന്നാലും വീക്ഷണത്തിന്റെ തലത്തിൽ മാറ്റം വരാൻ സാധ്യതകളുണ്ട്.

(6) കാഴ്ച്ചപ്പാടുകൾ – (perceptions) നമ്മുടെ അനുഭവങ്ങളും വിശ്വാസങ്ങളും കൂടിച്ചേർന്നതാണ് നമ്മുടെ കാഴ്ച്ചപ്പാടുകൾ. ഈ അനുഭവങ്ങളും വിശ്വാസങ്ങളും നമ്മെ നേരായ മാർഗ്ഗത്തിലേക്ക് നയിക്കാൻ സഹായിക്കുന്നതായിരിക്കണം. നല്ല നല്ല അനുഭവങ്ങളെയും നല്ല നല്ല ഉറച്ച വിശ്വാസങ്ങളെയും അമൂല്യസമ്പത്താക്കി മാറ്റണം. അത് സംശയങ്ങൾക്കോ തെറ്റായ തോന്നലുകൾക്കോ ആസ്പദമായിരിക്കരുത്. എന്തെല്ലാം പ്രലോഭനങ്ങളും ആകർഷണങ്ങളും ഉണ്ടായാലും നമ്മുടെ ഉറച്ച വിശ്വാസത്തിൽ മാറ്റം വരാൻ പാടില്ല. നമ്മുടെ കാഴ്ച്ചപ്പാടിൽ പ്രതീക്ഷകളുടെയോ നിരീക്ഷണങ്ങളുടെയോ ഊഹാപോഹങ്ങളുടെയോ സ്വാധീനം ഉണ്ടായി നമ്മുടെ കാഴ്ച്ചപ്പാടിൽ പൊടിപടലങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രമിക്കണം. clear perception (സ്പഷ്ടമായ കാഴ്ച്ചപ്പാട്) നമ്മളെ ശ്രേഷ്ഠരാക്കും.

(7) നിലപാടുകൾ – (Attitude) നമ്മുടെ നിലപാടിൽ മാറ്റം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഒരു ദൃഢമായ നിലപാടുണ്ടെങ്കിൽ നമ്മുടെ ആത്മവിശ്വാസം വ്യതിചലിക്കാതിരിക്കും. നമ്മുടെ നിലപാടിന്റെ അടിസ്ഥാനം മേൽ പറഞ്ഞ കാര്യങ്ങളെല്ലാം കൂടി ഒത്തുചേർന്നതാണ്. നിലപാടാണ് മനുഷ്യജീവിതത്തിന്റെ നട്ടെല്ല്. Attitude is Altitude എന്നാണ് പറയപ്പെടുന്നത്. ഏതൊരു കാര്യവും വിജയകരമാക്കണമെങ്കിൽ നമുക്ക് നല്ലൊരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. സന്മാർഗ്ഗീകത നിറഞ്ഞ സർവ്വർക്കും സുഖം കിട്ടട്ടെ എന്നുള്ള ഒരു നിലപാട് നമ്മുടെ ഉയർച്ചയ്ക്ക് ഉതകുന്നതായിരിക്കും.

(8) ഇടപാടുകൾ–(Dealings) നമ്മുടെ കർമ്മങ്ങളാണ് ഇടപാടുകൾ. നമ്മുടെ കർമ്മങ്ങളാണ് നമ്മുടെ ഭാഗത്തുനിന്നും ഈ ലോകത്തിനു കൊടുക്കുന്ന സംഭാവന. നമ്മൾ എന്താണോ ഈ ലോകത്തിനു കൊടുക്കുന്നത് അതാണ് നമ്മുടെ നിക്ഷേപം. കൊടുക്കുന്നതാണ് നമുക്ക് കിട്ടുന്നത്. നമ്മുടെ ഇടപാടുകളിൽ നമ്മുടെ പെരുമാറ്റം, സംസാരം, സ്വഭാവം, കർമ്മം എന്നിവ ഉൾപ്പെടുന്നു. നമ്മുടെ എല്ലാ തരത്തിലുള്ള കർമ്മങ്ങളും ഇതിൽ പെടുന്നു. നമ്മുടെ ഇടപാടുകളിൽ കൂടെ നമ്മൾ സുഖവും ശാന്തിയും മറ്റുള്ളവർക്ക് കൊടുക്കുന്നുണ്ടോ എന്ന് നമ്മളെ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ ഇടപാടുകൾ മറ്റുള്ളവരുടെ ജീവിതത്തെ വിഷമം ഉണ്ടാക്കുന്നതായിരിക്കരുത്. സമാധാനം നശിപ്പിക്കുന്നതായിരിക്കരുത്. നമ്മുടെ ഓരോ ഇടപാടുകളും നമ്മുടെ സന്തോഷവും ശാന്തിയും വർദ്ധിപ്പിക്കുന്നതായിരിക്കണം.

(9) ഓർമ്മകൾ – (Remembrance) ഓർമ്മകളാണ് നമ്മുടെ ജീവിതം നിലനിർത്തുന്നത്. മനോഹരങ്ങളായ മധുരം നിറഞ്ഞ ഓർമ്മകൾ നമ്മുടെ ജീവിതത്തെ ചൈതന്യമുള്ളതാക്കി മാറ്റുന്നു. നമ്മുടെ ജീവിതത്തിൽ മാത്രമേ ആത്മബോധത്തെക്കുറിച്ചുള്ള ഓർമ്മകളും ഈശ്വരനോട് സർവ്വ സംബന്ധങ്ങളും അടങ്ങിയിട്ടുള്ള ഓർമ്മകളും പുതിയ സുവർണ്ണയുഗത്തിന്റെ ഓർമ്മകളും ഉള്ളൂ. ഓർമ്മയുള്ളവരാണ് ജീവിച്ചിരിക്കുന്നവർ. ഓർമ്മയുള്ളവരാണ് ബുദ്ധിവാന്മാർ. ഓർമ്മയുള്ളവരാണ് ബോധമുള്ളവർ. നമ്മൾ ഓർമ്മിച്ച് ഓർമ്മിച്ച് 84 ജന്മങ്ങളിലെ കാര്യങ്ങളെല്ലാം നമ്മുടെ ഓർമ്മയിൽ തിരിച്ചെത്തും. ഓർമ്മയുള്ളവരാണ് ചിന്തകന്മാർ. നമ്മളെ ശ്രേഷ്ഠ സ്ഥിതിയിൽ നിർത്താനും ശ്രേഷ്ഠ അത്യുന്നതമായ നിലയിലേക്ക് ഉയർത്താനും നമ്മുടെ ഓർമ്മകൾക്കു സാധിക്കും. നമ്മുടെ ഓർമ്മകളിൽ സദാ ഈശ്വര സ്മൃതി നിറഞ്ഞിരിക്കണം. ഈശ്വരനെ ഓർമ്മിച്ചോർമ്മിച്ച്, ഈശ്വരനെ സ്മരിച്ച് സ്മരിച്ച് അവസാനം ഈശ്വരന്റെ സ്മൃതിയിൽ നമുക്ക് സ്മൃതിയടയണം. ഇതിനോടൊപ്പം മേൽ പറഞ്ഞ 8 കാര്യങ്ങളിൽ കൂടി അപാര സുഖ – ശാന്തിയുടെ സമ്പത്തുണ്ടാക്കാനും ഈ ലോകത്തിനു സംഭാവന ചെയ്യാനും സാധിക്കും.




# സൃഷ്ടി രഹസ്യം

**ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം**

ഭാരതത്തിലെ ഋഷികൾ പ്രാപഞ്ചിക സത്യങ്ങളെ എങ്ങനെയാണ് തിരിച്ചറിഞ്ഞിരിക്കുന്നത്, ഏതെല്ലാം ശാഖകളിലാണ് അവരുടെ സംഭാവനകൾ നിറഞ്ഞു നിൽക്കുന്നത്. വിസ്മയാവഹമായ എത്ര അതിശയങ്ങളാണ് അവർ കാഴ്ചവച്ചിട്ടുള്ളത്. ഇവിടെ നോക്കൂ. സൃഷ്ടി കർത്താവായ ബ്രഹ്മാവിനെവരെ ചോദ്യം ചെയ്യലിന് വിധേയമാക്കുന്നു. അതിന് എന്തു പ്രചോദനമാണ് അവർക്കുണ്ടാകുന്നത്? അത്തരത്തിലൊരു അന്വേഷണത്തിലേക്കാണ് നാമിവിടെ എത്തിച്ചേരുന്നത്.

മഹാദേവനായ ശിവന്റെ മക്കളിൽ ഇളയപുത്രനാണല്ലോ സുബ്രഹ്മണ്യൻ. പാണ്ഡിത്യത്തിലും, സാമർത്ഥ്യത്തിലും, സാഹസത്തിലും പ്രഗത്ഭനുമാണ്. തന്റെ ധീരതയെ എവിടെയും പ്രകടമാക്കുന്ന സ്വഭാവക്കാരനുമായിരുന്നു. അങ്ങനെയാണ് സൃഷ്ടികർത്താവായ ബ്രഹ്മാവിനെ വരെ ഒരു ദിവസം ചോദ്യം ചെയ്യലിന് വിധേയമാക്കുന്നത്. സൃഷ്ടിയുടെ രഹസ്യമെന്താണ്? എങ്ങനെയാണ് സൃഷ്ടി രചിക്കുന്നത്? ഇതായിരുന്നു കാര്യം. അവിചാരിതമായ ഈ ചോദ്യത്തിൽ ബ്രഹ്മാവ് പതറിപ്പോയി. അതുവരെയും, തന്റെ ഈ പ്രവർത്തിയെ ആരും ചോദ്യം ചെയ്തിരുന്നില്ലല്ലോ! വളരെ അഭിമാന ത്തോടും, അല്പമഹങ്കാരത്തോടെയും ചെയ്തു വരികയുമായിരുന്നു. പൊടുന്നനവേയുണ്ടായ ഈ സാഹചര്യത്തിൽ ബ്രഹ്മാവ് വർദ്ധിച്ച മനോവ്യഥയോടെ, അപമാനഭാരത്തോടെ തലതാഴ്ത്തി നിന്നു പോയി. ഈ അവസ്ഥയിൽ ബ്രഹ്മാവിനെ രക്ഷിക്കാൻ സാക്ഷാൽ മഹാദേവനു (ശിവൻ) മാത്രമേ

ശേഷം 11–ാം പേജിൽ



# നമ്മുക്കെന്നെന്നും ഓണമല്ലേ..

ബി.കെ. വിജയമ്മ, കോട്ടയം

സംഗമയുഗത്തിൽ ബ്രാഹ്മണർ നമ്മൾ
സന്തോഷചിത്തരല്ലേ നമ്മുക്കെന്നെന്നും ഓണമല്ലേ..
ആയ്യായ്യിരം വർഷം കഴിഞ്ഞിരുന്നോരച്ഛൻ
ആത്മ ലോകത്തീന്ന് വന്നിറങ്ങി
പതിതരാം മക്കളെ പാവനമാക്കുവാൻ
പരമപിതാശിവ ബാബവന്നൂ
നമുക്കെന്നെന്നും ഓണമല്ലേ..
(സംഗമയുഗത്തിൽ )
അച്ഛനാം ഈശ്വരൻ കൂടെയില്ലേ
നമ്മുക്കിച്ഛിച്ചതെല്ലാം തരുന്നുമില്ലേ
അച്ഛന്റെ ഓമന മക്കളല്ലേ
നമുക്കച്ഛന്റെ ആസ്ഥിയും സ്വന്തമല്ലേ..
നമുക്കെന്നെന്നും ഓണമല്ലേ..
സർവ്വപ്രാപ്തി ലബ്ദ്ധം ഈസംഗമയുഗം
ബ്രാഹ്മണ ജന്മം തളിരിട്ട സംഗമം
ഒന്നുകൊടുത്താൽ ലക്ഷം തരും
വരദാതാവ് കൂടെയില്ലേ.....?
സംഗമയുഗത്തിൽ ബ്രാഹ്മണർ നമ്മൾ
സന്തോഷചിത്തരല്ലേ നമുക്കെന്നെന്നും ഓണമല്ലേ..



10–ാം പേജ് തുടർച്ച....

സാധിക്കുമായിരുന്നുള്ളൂ. അതുകൊണ്ടു തന്നെയാകണം മഹാദേവൻ തന്നെ ഈ പ്രശ്നം പരിഹരിക്കാൻ എത്തി സുബ്രഹ്മണ്യനോടായി ചോദിച്ചത്. നിനക്ക് സൃഷ്ടി രഹസ്യമല്ലേ അറിയേണ്ടത്, വരൂ ഞാൻ പറഞ്ഞു തരാം. ഈ പാവത്തിനെ വിട്ടേക്കൂ. എന്നാൽ ഇദ്ദേഹം സൃഷ്ടി നടത്തുന്നുവെന്നത് ശരി തന്നെയാണ്. എങ്കിലും അതിന്റെ രഹസ്യം പറയാൻ ആളല്ലതാനും. ഇപ്രകാരം ശിവൻ സുബ്രഹ്മണ്യനോട് പറഞ്ഞിട്ട് സുബ്രഹ്മണ്യനെയും കൂട്ടി അകത്തേക്കു പോയി. എന്നിട്ട് ചെവിയിൽ ഏതോ രഹസ്യം മന്ത്രിക്കയുണ്ടായി. ക്ഷണത്തിൽ സുബ്രഹ്മണ്യൻ ശാന്തനാവുകയും ചെയ്തു എന്നാൽ ആ രഹസ്യം നാമറിയാതെ ബാക്കി നിൽക്കുകയാണ്, എന്തായിരിക്കും ആ രഹസ്യം. സുബ്രഹ്മണ്യന്റെ സംശയം എങ്ങനെ പരിഹരിച്ചു. ഇങ്ങനെ ചിന്തോദ്ദീപകങ്ങളായ എത്ര മുഹൂർത്തങ്ങളാണ് ഋഷി സൂക്തങ്ങളിലൂടെ പുറത്തു വരുന്നത്.

സത്യത്തിൽ ഈ രഹസ്യമാണ് ലോകമെമ്പാടും ബ്രഹ്മാകുമാർ–കുമാരികൾ കേട്ടുകൊണ്ടിരിക്കുന്നത്. ബ്രഹ്മാവ് ഒരു നിമിത്തം മാത്രമാണ്. സൃഷ്ടി നടത്തുന്നത് സാക്ഷാൽ ഈശ്വരൻ (ശിവൻ) തന്നെയാണ് ശിവൻ നിരാകാരൻ ആയതിനാൽ ഒരു സാകാര അവസ്ഥ ആവശ്യമുണ്ട്. ആ സാകാര അവസ്ഥ മാത്രമാണ് ബ്രഹ്മാവ്. നിരാകാരനായ ശിവനിലാണ് സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ രഹസ്യം നിറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ശിവൻ തന്നെയാണ് ബ്രഹ്മാവിന്റെ ശരീരം ഉപയോഗിച്ച് സൃഷ്ടി രചിക്കുന്നത്. ഈ അറിവാണ് യഥാർത്ഥത്തിൽ സുബ്രഹ്മണ്യന് ലഭിക്കുന്നത്, നമുക്ക് ലഭിക്കേണ്ടതും.



# പാവകൾ

ഹവിസ്സ് ബ്യൂറൊ

മനുഷ്യന്റെ ശ്രേഷ്ഠതയുടെ നിദാനം മനുഷ്യനിലെ സത്ഗുണങ്ങളാണ്. അന്തർലീനമായിരിക്കുന്ന ആ സത്ഗുണങ്ങളുടെ വികാസത്തിന് നമ്മൾ അനവരതം പ്രയത്നിക്കണം. കാരണം, ലോകമിന്ന് പലരീതിയിലുള്ള അധഃപതനങ്ങളിലൂടെ കടന്നുപോവുകയാണ്. ഭൗതികമായ നേട്ടങ്ങൾ അവകാശപ്പെടാൻ നമുക്ക് ധാരാളം കാരണങ്ങൾ ഉണ്ടെങ്കിലും, നന്മ തിന്മയ്ക്കും, സത്യം അസത്യത്തിനും, ധർമ്മം അധർമ്മത്തിനും വഴിമാറിക്കൊടുക്കുന്നതാണ് നാം ലോകത്തിൽ കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കാരണങ്ങളാൽ, കലിയുഗമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ സന്തോഷപ്രദവും സാർത്ഥകവുമായ ജീവിതം നയിക്കുന്നത് അസംഭവ്യമാണെന്ന് തോന്നും. പക്ഷെ, സത്യം മറിച്ചാണ്. ജീവിതം ദുഷ്കരമല്ല, ദുരിതപൂർണ്ണവുമല്ല. നമ്മുടെ ജീവിതത്തോടുള്ള സമീപനവും വീക്ഷണവും, ആചാര-വിചാരങ്ങളും മാററിയാൽ മതി. ജീവിതാനുഭവങ്ങളും മാറിവരും, ഇത് കലിയുഗമാണെങ്കിലും, കലിയുഗത്തെ തിഷ്യയുഗം എന്നും പറയാറുണ്ട്. തിഷ്യമെന്നാൽ ശുഭം, മംഗളം, പ്രകാശം എന്നെല്ലാമാണർത്ഥം. അശുഭത്തെ ശുഭത്തിലേയ്ക്കും, അമംഗളത്തെ മംഗളത്തിലേയ്ക്കും പരിവർത്തനപ്പെടുത്തുവാൻ നമുക്ക് കഴിയണം. ഉള്ളിലെ തിന്മകൾ മാറ്റി, ദുർഗുണങ്ങൾ മാറ്റി, സത്ഗുണസ്വരൂപമാകുമെങ്കിൽ, ഗുണങ്ങളെ ജീവിതത്തിൽ പകർത്തി, അവയുടെ ആധാരത്തിൽ ജീവിതലക്ഷ്യം നിറവേറ്റുവാൻ കഴിയുമെങ്കിൽ ജീവിതം ആനന്ദപൂർണ്ണമാകും. അപ്പോൾ ഒരു ചോദ്യം വരുന്നു-നമ്മുടെ ജീവിത ലക്ഷ്യം എന്താണ്? ഇതിനുത്തരമായി ഒരു പാവക്കഥ പറയാം. ഒരു ശിഷ്യൻ തന്റെ ഗുരുവിനോട് ചോദിച്ചു-എങ്ങനെയുള്ള ജീവിതം നയിക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്? ഗുരു ശിഷ്യനോട് നാല് പാവകളെ കൊണ്ടുവരാൻ പറഞ്ഞു. ഒന്ന് മണ്ണുകൊണ്ട് ഉണ്ടാക്കിയത്. മറ്റൊന്ന് സ്പോഞ്ചുകൊണ്ടുണ്ടാക്കിയത്. പിന്നൊന്ന് ഇരുമ്പ് കൊണ്ടുണ്ടാക്കിയത്, മറ്റൊന്ന് കൽക്കണ്ടം കൊണ്ടുണ്ടാക്കിയത്. ശിഷ്യൻ അവ കൊണ്ടുവന്നു. അപ്പോൾ ഗുരു 4 സ്ഫടിക ഗ്ലാസ്സുകളിൽ നിറയെ വെള്ളമെടുക്കുവാൻ പറഞ്ഞു. ഓരോ ഗ്ലാസ്സിലേയ്ക്കും ഓരോ പാവയെ നൂൽകൊണ്ട് കെട്ടിത്താഴ്ത്തുവാൻ പറഞ്ഞു. ശിഷ്യൻ ആദ്യത്തേതിൽ മണ്ണുകൊണ്ടുള്ള പാവയെ നൂൽകൊണ്ട് കെട്ടിതാഴ്ത്തി. രണ്ടാമത്തേതിൽ സ്പോഞ്ച് കൊണ്ടുള്ള പാവയെ താഴ്ത്തി. മൂന്നാമത്തേതിൽ ഇരുമ്പ് പാവയെ. നാലാമത്തേതിൽ കൽക്കണ്ടം കൊണ്ടുള്ള പാവയെ. ഇനി ഓരോന്നും പുറത്തെടുക്കുവാനായി ഗുരു നിർദ്ദേശിച്ചു. ഒന്നാമത്തേതിലെ പാവയെ പുറത്തെടുക്കുമ്പോൾ അത് വികൃതമാകുക മാത്രമല്ല, അതിലെ വെള്ളവും മലിനമായിക്കഴിഞ്ഞിരുന്നു. ഗുരു പറഞ്ഞു- ഈ പാവ ദുഃസ്വഭാവങ്ങളുള്ള മനുഷ്യന്റെ പ്രതീകമാണ്. അശുദ്ധസംസ്കാരവും സങ്കല്പവും മലിനതയാണ്. വ്യക്തിയാകട്ടെ, വായുമണ്ഡലമാകട്ടെ, സമ്പർക്കത്തിൽ വരുന്നവയെയെല്ലാം അത് മലിനമാക്കുന്നു. മലിനമാകുന്നതും ആക്കുന്നതും പാപമാണ്. അത് ദുഃഖത്തിന് കാരണമായിത്തീരുന്നു. മറ്റുള്ളവരെ ദുഃഖിപ്പിക്കുന്നത് പാപമാണ്. ദുഷ്കൃതം ചെയ്താൽ ഉള്ളിൽ പാപം ഉറഞ്ഞുകൂടും. അതു പിന്നെ സുകൃതം ചെയ്യാനും പുണ്യം ചെയ്യാനും അനുവദിക്കില്ല. അതിനാൽ ദുർഗുണങ്ങൾ ത്യജിച്ച് സത്ഗുണങ്ങളുള്ളവരായി സുകൃതം ചെയ്യണം. സ്പോഞ്ചുകൊണ്ടുള്ള പാവയാകട്ടെ, വീർത്ത് വെള്ളം അകത്താക്കിക്കഴിഞ്ഞിരുന്നു. സ്വാർത്ഥമതികളുടെ പ്രതിനിധിയാണ് ഈ പാവ. സ്വന്തം ഉന്നമനം മാത്രം ലക്ഷ്യമാക്കി, സ്വന്തം ആവശ്യത്തിനും അധികാരപ്പെട്ടതിനും ഏറെ, സ്വാർത്ഥതയോടെ നേടിയെടുക്കുന്നവർ. എന്റേതുമെനിക്ക് നിന്റേതുമെനിക്ക് എന്ന മുദ്രാവാക്യം ഇന്നല്ലെങ്കിൽ നാളെ പതനത്തിലേയ്ക്ക് കൊണ്ടുപോകും എന്ന സത്യം അവർമനസ്സിലാക്കുന്നില്ല. സ്വന്തം കാര്യം മാത്രം മുന്നിൽ വയ്ക്കുന്നവർക്ക് ആത്മത്യാഗത്തിന്റെ ഭാഷ മന

സ്സിലാക്കുവാൻ പ്രയാസമായിരിക്കും. അതിനാൽ നിസ്സാർത്ഥമായി എല്ലാവരെയും സ്നേഹിക്കുവാൻ നമ്മൾ പഠിക്കുമ്പോൾ എനിക്ക് എന്തെല്ലാം കിട്ടും എന്ന ചിന്ത മാറി, മറ്റുള്ളവർക്ക് എന്തെല്ലാം നൽകാൻ കഴിയും, എങ്ങനെ ഉയർത്താൻ കഴിയും എന്ന ചിന്ത വരും. അതുവഴി, സുകൃതം ചെയ്യുവാൻ തുടങ്ങും. മൂന്നാമത്തെ ഇരുമ്പ് പാവയ്ക്ക് യാതൊരു വ്യത്യാസവുമുണ്ടായില്ല. ഒന്നിലും പ്രതികരണ ശേഷിയില്ലാത്തവരാണ് ഇവർ. നാലാമത്തെ പാവയാകട്ടെ, അപ്പോഴെയ്ക്കും അപ്രത്യക്ഷമായി ക്കഴിഞ്ഞിരുന്നു. കൽക്കണ്ടം അതിന്റെ മധുരിമ പകർന്ന് അതിലലിഞ്ഞുകഴിഞ്ഞിരുന്നു. ആത്മത്യാഗത്തിലൂടെ സമൂഹത്തിനുവേണ്ടി തന്റേതെന്തും സമർപ്പിക്കുന്ന ഉത്തമ മനുഷ്യനാണ് ഈ പാവ. ഞാൻ എന്നതും എന്റേത് എന്നതും ത്യാഗം ചെയ്ത്, മനസ്സും, ശരീരവും, സമയവും മറ്റുള്ളവരുടെ മംഗളാർത്ഥം വിനിയോഗിക്കുന്നവരുടെ പ്രതീകമാണിത്. സർവ്വരും ഈശ്വരന്റെ സന്താനങ്ങളാണെന്ന ഭാവനയും, അതിനാൽ സർവ്വർക്കും സുഖവും സന്തോഷവും നൽകണം എന്ന് ശുഭ കാമനയും പുലർത്തുന്നവരിൽ സദാ പുണ്യം നിറഞ്ഞുകൊണ്ടിരിക്കുന്നു. അത് സുകൃതം ചെയ്യുവാനുള്ള ഉൾപ്രേരണയായിത്തീരുന്നു. ഇപ്രകാരം സുകൃതം ചെയ്യുന്നവരിൽ മറ്റുള്ളവരുടെ ഹൃദയത്തിൽ നിന്നുമുള്ള ആശീർവ്വാദങ്ങളുടെ പുഷ്പവൃഷ്ടിയുണ്ടാകുന്നു. മറ്റുള്ളവരിലെ കുറ്റങ്ങളും കുറവുകളും കണ്ടാൽകൂടി ദയാഹൃദയത്തോടെ ശിക്ഷണം കൊടുത്ത് അവരെയും ഉയർത്തും. മറ്റുള്ളവർ ശത്രുത കാണിക്കുകയും അമംഗളമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്താലും, അവരോടും ശുഭഭാവനയും, മംഗളഭാവനയും, ദയാ ഭാവവും, ദാതാവിന്റെ ഭാവവും ഉൾക്കൊണ്ട് അവരുടെയും മനസ്സിനെ കീഴടക്കും ദുർബ്ബലരായവരെ സശക്തരാക്കും. മറ്റുള്ളവർക്കും ശ്രേഷ്ഠ ജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗദർശനം നൽകുന്ന ദീപസ്തംഭങ്ങളാകും. തനിക്കുവേണ്ടിയുള്ള സീമിത ഇച്ഛകളില്ലാത്ത, ആരിൽ നിന്നും ഒന്നും ഇച്ഛിക്കാത്ത മഹാദാനികളും മഹാത്യാഗികളുമായിരിക്കും അവർ. എന്നാൽ ഇപ്രകാരം ഉത്കൃഷ്ടമായ അവസ്ഥ എങ്ങനെ സാധ്യമാകും? അനന്തമായ നന്മയുടെ ഉറവിടവും, നിസ്സീമമായ ഗുണങ്ങളുടെയും ശക്തികളുടെയും സ്രോതസ്സുമായ ഈശ്വരനെ ധ്യാനിക്കണം, ഓർമ്മിക്കണം. ആ പരമശക്തിയായ പരമാത്മാവുമായുള്ള അകമഴിഞ്ഞ ബന്ധം നമ്മിൽ ഈശ്വരീയതയുടെയും നന്മയുടെയും നിറവ്വരുത്തും. ആ നിറവ് സ്വതവേ നമ്മിൽ നിന്നും മനസാ-വാചാ-കർമ്മണാ മഹാനതയും ശ്രേഷ്ഠതയുമായി ബഹിർഗമിക്കുകയും ചെയ്യും. ലോകത്തിന്റെ നവോത്ഥാനത്തിന് തന്റേതായ എന്തെങ്കിലും സംഭാവന നൽകുന്നവരെയാണ് ഈ കാലഘട്ടത്തിന് ആവശ്യം. അതിനാൽ ചിന്തിക്കൂ- ഇതിൽ ഏത് പാവ ആകുവാനാണ് താങ്കൾക്ക് ഇഷ്ടം?

## ഈശ്വരീയ സേവനം
# കേരളത്തിൽ






ജൂൺ 30ന് എറണാകുളം വൈപ്പിനിൽ ബ്രഹ്മാകുമാരീസും എറണാകുളം ജനറൽ ആശുപത്രിയും സംയുക്തമായി സംഘടിപ്പിച്ച മഴക്കാല രോഗങ്ങളുടെ പ്രതിരോധ മെഡിക്കൽ ക്യാമ്പ് ഉത്ഘാടന ചടങ്ങ് സ്ഥലം എം.എൽ.എ. എസ്സ്. ശർമ്മ മുഖ്യാധിതിയായിരുന്ന ചടങ്ങിൽ എളമക്കര ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബർനാഡ് ബെന്നി, ബ്രഹ്മാകുമാരീസ് എറണാകുളം-തൃശ്ശൂർ ജില്ലാ കേന്ദ്രങ്ങളുടെ നിർദ്ദേശിക രാജയോഗിനി ബി.കെ. രാധ എന്നിവർ പങ്കെടുത്തു.



# സത്യമേവ ജയതേ

ബി.കെ. അനിൽ, തിരുവനന്തപുരം

പഴയ കാലത്ത് സത്യം തെളിയിക്കുവാൻ നാലുതരം പരീക്ഷകൾ ഏർപ്പെടുത്തിയിരുന്നു. തൂക്കപരീക്ഷ, അഗ്നിപരീക്ഷ, ജലപരീക്ഷ, വിഷപരീക്ഷ എന്നിവയായിരുന്നു ആ പരീക്ഷകൾ. ത്രാസ്സിന്റെ ഒരു തട്ടിൽ കുറ്റം ആരോപിക്കപ്പെട്ട ആളെ ഇരുത്തും. പിന്നെ മറുതട്ടിൽ പടികൾ ഇട്ട് തിരശ്ചീനമാക്കിയ ശേഷം, അതേ തട്ടിൽ ആരോപിതമായ കുറ്റങ്ങൾ എഴുതിയ ഓല കൂടി വയ്ക്കുന്നു. തൂക്ക വ്യത്യാസം സംഭവിച്ചാൽ ആൾ കുറ്റവാളിയാണെന്ന് വിധിക്കും. ഇതാണ് തൂക്കപരീക്ഷ. അഗ്നിപരീക്ഷയിലാകട്ടെ, കുറ്റം ആരോപിക്കപ്പെട്ടയാളുടെ കൈ, തിളച്ച എണ്ണയിലോ നെയ്യിലോ മുക്കും. പൊള്ളലേറ്റാൽ കുറ്റവാളിയായി വിധിക്കും. ജലപരീക്ഷയിൽ, കുറ്റാരോപണ വിധേയനായ വ്യക്തിയെ മുതലകളും മറ്റും ധാരാളമുള്ള വെള്ളത്തിൽ നീന്തിക്കും. അപായമൊന്നുമുണ്ടാകാതെ അയാൾ കരപറ്റുകയാണെങ്കിൽ നിരപരാധിയായി വിധിക്കും. വിഷപരീക്ഷയിൽ ആരോപിതമായ വ്യക്തിയിൽ വിഷം പ്രയോഗിക്കും. അയാളെ വിഷം കുടിപ്പിക്കും. മരിച്ചില്ലെങ്കിൽ നിരപരാധിയാണെന്ന് വിധിക്കും. ഇന്നത്തെ കാലത്ത് സത്യം തെളിയിക്കാനുള്ള വിധിയെന്താണ്, പരീക്ഷ കളെന്താണ്? അസത്യത്തിന്റെ കാർമേഘങ്ങൾ സത്യത്തെ മൂടിയാൽ അതെങ്ങനെ തെളിയും? നമ്മുടെ സത്യാ-സത്യങ്ങളും നന്മ-തിന്മകളും അറിയുന്ന ആരെങ്കിലുമുണ്ടോ? അതിനുള്ള ശിക്ഷകൾ വിധിക്കുന്നതാര്?

ഒരിക്കൽ ശ്രീപരമേശ്വരനും പാർവ്വതിയും ഭൂലോകത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. ഭൂമിയിലെ മനുഷ്യർ ഈശ്വര ചിന്തയില്ലാതെ, പാപങ്ങൾ ചെയ്യുകയും, അവരുടെ പാപങ്ങൾ മാറ്റണമെന്ന ചിന്തയില്ലാതെ കഴിയുകയും, നന്മ-തിന്മകളുടെ തിരിച്ചറിവില്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്നതായി മനസ്സിലാക്കി. ഇതിനൊരു പരിഹാരമായി അവർ ചെയ്ത പാപ-പുണ്യങ്ങൾ എഴുതി സൂക്ഷിക്കുകയും ചെയ്യണമെന്ന് തീരുമാനിച്ചു. പരമേശ്വരൻ ഒരു പൊന്നിൻ പലകയിൽ ചിത്തിരക്കോൽ കൊണ്ട് ഒരു ചിത്രം വരച്ചു. തന്റെ അംശങ്ങളെല്ലാം അതിലുണ്ടാകണം എന്ന് ചിന്തിച്ചുകൊണ്ട് വരച്ച ആ ചിത്രം ഒരു സുന്ദരനായ കുമാരനായി, ചിത്രഗുപ്തനായി പ്രത്യക്ഷപ്പെട്ടു. സർവ്വരുടെയും നന്മയുടെയും തിന്മയുടെയും കണക്കുകൾ സൂക്ഷ്മമായി എഴുതുവാൻ ചിത്രഗുപ്തനോട് അരുളിചെയ്തു. ലോകമുള്ള കാലത്തോളം അത് എഴുതുവാനും അതീവ രഹസ്യമായി സൂക്ഷിക്കുവാനും പറഞ്ഞു. ചിത്രഗുപ്തൻ പല തരത്തിലുള്ള പുണ്യ-പാപങ്ങൾ ചെയ്യുന്നവർക്ക് അനുഭവിക്കാനുള്ള കാര്യങ്ങൾ വിധിച്ചുകൊണ്ട് കണക്കുപുസ്തകത്തിൽ എല്ലാം രേഖപ്പെടുത്തി. മരണവേളയിലും മരണാനന്തരവും പലതരത്തിലുള്ള യാതനകളിലൂടെ പാപത്തിന്റെ കണക്കുകൾ തീർക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കി. യമദൂതന്മാർ ജീവാത്മാവിനെ ഭയാനകമായ കടുത്ത യാതനകളിലേയ്ക്ക് കൊണ്ടുപോകുന്ന രീതികളും പുരാണങ്ങളിൽ വർണ്ണിക്കുന്നുണ്ട്.

സൂക്ഷ്മാർത്ഥങ്ങൾ ഉൾക്കൊള്ളുന്നവയാണ് ഈ വർണ്ണനകൾ. നാമോരോരുത്തരും നമ്മുടെ ജീവിതത്തിന്റെ സമ്പൂർണ്ണ സുരക്ഷയ്ക്കുവേണ്ടി സ്മൃതിപഥത്തിൽ വയ്ക്കേണ്ട നിയമങ്ങളിൽ മുഖ്യമായ ഒന്നാണ് കർമ്മസിദ്ധാന്തം. അനന്തമായ കാലചക്രത്തിൽ കർമ്മഫല സംവിധാനം സുഖ-ദുഃഖങ്ങളുടെ രൂപത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും ആരുംതന്നെ മുക്തമാകുന്നില്ല. നമ്മുടെ സത്യാ-സത്യങ്ങളും നന്മ-തിന്മകളും നമ്മുടെ മനസ്സാക്ഷി അറിയുന്നു. അന്തരാത്മാവിൽ അനുനിമിഷം അത് സൂക്ഷ്മമായി പതിയുകയും ചെയ്തുകൊണ്ടിരിക്കുന്നു. ചിത്രത്തിലൂടെ അതായത് ശരീരത്തിലുള്ള ചെയ്ത പാപ-പുണ്യങ്ങളുടെ കണക്കുകൾ അതീവ ഗുപ്തമായി, രഹസ്യമായി കുറിക്കപ്പെടുന്നു. സത്യ-ധർമ്മാദികൾ അനുഷ്ഠിക്കുന്നതും, അസത്യവും, അധർമ്മവും അതിന്റെ സീമകൾ ലംഘിക്കുന്നതുമെല്ലാം സൂക്ഷ്മരൂപത്തിൽ അന്തരാത്മാവിൽ പതിയുന്നു. അന്തിമകാലം

വന്നുചേരുമ്പോൾ മനസ്സാക്ഷിയുടെ ധർമ്മബോധം മഹാരൂപത്തിൽ സ്വയം ജാഗ്രതമാകുന്നു. യമധർമ്മ സ്വരൂപത്തിൽ പ്രത്യക്ഷമാകുന്നു. അസത്യത്തിന് വശപ്പെട്ട് ചെയ്ത തിന്മകളുടെ സൂക്ഷ്മരൂപം യമദൂതന്മാരുടെ രൂപം ധരിക്കുന്നു. ചെയ്തുപോയ പാപങ്ങൾ യമദൂതന്മാരായി ഭയപ്പെടുത്തുന്ന രൂപത്തിൽ നമ്മുടെ മുന്നിൽ വരും. സ്വപ്നത്തിൽ ദൃശ്യമാകുന്ന കാര്യങ്ങൾ യാഥാർത്ഥ്യത്തിന്റെ അനുഭവം വരുത്തുന്നതുപോലെ ശിക്ഷകളുടെയും സൂക്ഷ്മദൃശ്യങ്ങൾ അത്തരം അനുഭവങ്ങളിലേയ്ക്ക് കൊണ്ടുപോകും. പശ്ചാത്താപത്തിന്റെ അഗ്നിയിൽ എരിയുന്നതായി തോന്നും. ദേഹത്തിലെ ചർമ്മമുരിയുന്നതിനു സമാനമായ പീഢകളുടെ അനുഭവമുണ്ടാകും. ഉള്ളിൽ അനേക രീതിയിലുള്ള കഷ്ടതകൾ അനുഭവപ്പെടും. ഇതാണ് സൂക്ഷ്മാവസ്ഥയിലുള്ള യമപുരി. കാലചക്രത്തിന്റെ അന്തിമസമയം ഉണ്ടാകുന്ന ഈ പീഢകളിൽ ബുദ്ധി പിടയുന്നതാണ് പല രീതിയിലുള്ള നരകയാതനകൾ. അതിനാൽ വിധിനിർണ്ണയ സമയം വരുന്നതിനു മുമ്പേ തന്റെ ചെയ്തികളുടെ ന്യായാധിപനാകണം. തന്നെ തൂക്കപരീക്ഷയ്ക്ക് വിധേയമാക്കണം–പാപത്തിന്റെ കണക്കെത്ര, പുണ്യത്തിന്റെ കണക്കെത്ര, എന്തിന്റെ ശേഖരണമാണ് ഞാൻ ചെയ്യേണ്ടത് എന്ന് ചിന്തിക്കണം. തെറ്റായ കാര്യങ്ങൾ ചിന്തിക്കുന്നതിനും ചെയ്യുന്നതിനും പ്രേരകമായ ദുർവ്വാസനകൾ ഇല്ലാതാക്കണം. ഈശ്വരീയ മര്യാദകൾ പാലിച്ചുകൊണ്ടുള്ള ജീവിതം നയിക്കണം. അന്യർക്ക് സുഖ-സന്തോഷങ്ങൾ ദാനം ചെയ്തു കൊണ്ടിരിക്കണം.

തന്റെ മനസ്സാക്ഷിയെ മറയ്ക്കാതെ നേർവഴിയിൽ സത്യത്തിന്റെ മാർഗ്ഗത്തിൽ തന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളും കൊണ്ടുപോകണം. സത്യമേവ ജയതേ




# അവിടെയും ഇവിടെയും

ബി.കെ. അമ്പിളി, മൗണ്ട് ആബു

കാര്യങ്ങൾ എങ്ങനെയാണൊ അതിനനുസരിച്ചല്ല മറിച്ച് നാം എങ്ങയാണൊ അതിനനുസരിച്ചാണ് നാം കാര്യങ്ങളെ കാണുന്നത് .

ഒരു ഗ്രാമത്തിന്റെ കവാടത്തിൽ വിവേകശാലിയായ ഒരു മനുഷ്യൻ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു വഴിപോക്കൻ അതിലെ കടന്നു വന്ന് അയാളോട് ചോദിച്ചു, " ഈ ഗ്രാമവാസികൾ എങ്ങനെയുള്ളവരാണ്, കാരണം ഞാൻ ഇപ്പോൾ താമസിക്കുന്നയിടത്തുനിന്ന് പുതിയൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കാൻ ആഗ്രഹിക്കുന്നു?" ആ വിവേകശാലിയായ മനുഷ്യൻ ചോദിച്ചു " നിങ്ങൾ ഇപ്പോൾ താമസിക്കുന്നയിടത്ത് എങ്ങനെയുള്ള ആളുകളാണ് ഉള്ളത്?" അയാൾ പറഞ്ഞു, "അവരെല്ലാം സ്വാർത്ഥരും, ക്രൂരൻമാരും, പരുഷമായി പെരുമാറുന്നവരുമാണ്." ആ വിവേകശാലിയായ മനുഷ്യൻ മറുപടിയായി " ഈ ഗ്രാമത്തിലും അതുപോലെയുള്ളവർ തന്നെയാണ് ഉള്ളത്" എന്ന് പറഞ്ഞു. അല്പസമയം കഴിഞ്ഞ് മറ്റൊരാൾ അത് വഴി വന്ന് ഇതേ ചോദ്യം ചോദിച്ചു, ആ വിവേകശാലിയായ മനുഷ്യൻ അയാളോടും ചോദിച്ചു "നിങ്ങൾ ഇപ്പോൾ താമസിക്കുന്നയിടത്ത് എങ്ങനെയുള്ള ആളുകളാണ് ഉള്ളത്?". അയാൾ മറുപടിയായി പറഞ്ഞു" അവിടെയുള്ളവർ വളരെ നല്ലവരും, നന്ദിയുള്ളവരും, നിസ്വാർത്ഥരും, നന്നായി പെരുമാറുന്നവരുമാണ്." വിവേകശാലിയായ മനുഷ്യൻ പറഞ്ഞു "ഇവിടെയും നിങ്ങൾക്ക് അതുപോലെയുള്ളവരെ തന്നെ കാണാം."

ഈ കഥയിലെ ഗുണപാഠമാണ്– സാധരണയായി നാം ലോകത്തെ കാണുന്നത് അതെങ്ങനെയാണൊ അതുപോലെയല്ല പകരം നാം എങ്ങനെയാണൊ അതുപോലെയാണ്. പലപ്പോഴും നമ്മുടെ തന്നെ പ്രതികരണമായിരിക്കും മറ്റുള്ളവരിൽ നിന്ന് നമുക്ക് ലഭിക്കുന്നത്.



# കേരളം ദൈവത്തിന്റെ സ്വന്തം നാട് ?

**ബി.കെ.സുഭാഷ്, മൗണ്ട് ആബു**

കഴിഞ്ഞ ഏപ്രിൽ മാസം ഞാൻ കേരളത്തിൽ എത്തിയപ്പോൾ കേൾക്കുവാൻ ഇഷ്ടപ്പെടാത്ത കുറെ വാർത്തകൾ കേട്ടു. അതിലേറ്റവും പ്രധാനപ്പെട്ട വാർത്ത കേരളം മരുഭൂമിവത്കരണത്തിലേക്ക് എന്നതായിരുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന് ലോകം പേരെടുത്ത് ചൊല്ലുന്ന എന്റെ നാടിന്റെ പച്ചപ്പ് തുടച്ചുമാറ്റി സിമന്റിന്റെ ചാരവർണ്ണവും ടാറിന്റെ കറുപ്പ് വർണ്ണവും തറയോടിന്റെ ചുവപ്പ് വർണ്ണവും ചാർത്തുന്ന കേരള ജനതയോട് ഉപദേശകന്റെ കുപ്പായമെടുത്തണിഞ്ഞ് സംസാരിക്കുകയല്ല, വളരെ സ്നേഹത്തോടെ ഞാൻ പറയട്ടെ ..

രാജസ്ഥാനിലെ മൗണ്ട് ആബുവിന്റെ താഴ്‌വാരത്ത് തൽഹട്ടി എന്ന സ്ഥലത്ത് ശാന്തിവനം എന്ന ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ കോംപ്ലക്സിലിരുന്ന് ഞാനിതെഴുതുമ്പോൾ ഇവിടുത്തെ ഊഷ്മാവ് 46 ഡിഗ്രിക്കും മേലാണ്.

കേരളത്തെ കുറിച്ചാരെങ്കിലും ചോദിച്ചാൽ അഭിമാനത്തോടുകൂടി പറഞ്ഞിരുന്ന ദൈവത്തിന്റെ സ്വന്തം നാടെന്ന്, പറയാൻ ഏറ്റവും പറ്റിയദേശം നമ്മുടെ കേരളം തന്നെയാണ്. 44 നദികൾ, ഓരം ചേർന്ന് കിടക്കുന്ന സാഗരം, സഹ്യന്റെ കാവലിൽ സുരക്ഷിതമായി നിൽക്കുന്ന മറുവശം. ഏറിയാൽ ഉടുപ്പൊന്ന് ഊരി മാറ്റിയാൽ മാറുന്ന ചൂട്. ഏറിയാൽ കൈലിമുണ്ട് ഒന്നെടുത്ത് മൂടിയാൽ മാറുന്ന തണുപ്പ് ഇങ്ങനെ ഒരു ലോകം അതിവിടെ മാത്രമേ ഉള്ളൂ എന്ന്.

ഹിമവാന്റെ തണുത്ത കൈകളിൽ ജനിച്ചു വളർന്നവരും രാജസ്ഥാൻ മരുഭൂമിയുടെ തീ സ്പർശത്തിൽ മുളച്ചുവന്നവരും ഇന്നെന്റെ റൂമിലുണ്ട്. അവർ മാത്രമല്ല ലോകത്തിന്റെ നാനാഭാഗത്തു നിന്നും പല കാലവസ്ഥയിൽ നിന്നുള്ളവർ എന്റെ ചുറ്റുമുണ്ട്. അവർക്കെല്ലാം കേരളം ഒരതിശയമാണ് ഇപ്പോൾ വരെ.

ആറെഴു വർഷം മുമ്പു വരെ കവിയൂർ പുഞ്ചയിൽ അരയാൾ വെള്ളം പൊങ്ങിയിരുന്നു. കുട്ടിക്കാലത്ത് വെള്ളപ്പൊക്കത്തിൽ ഞങ്ങൾ അരകിലോമീറ്റർ ദൈർഘ്യമുള്ള കവിയൂർ പുഞ്ച അക്കരെയിക്കരെ നീന്തിയിരുന്നു. ഈ ഏപ്രിലിൽ അവിടെ എത്തിയപ്പോൾ പാടത്തിന്റെ നടുക്ക് പൊന്താളു നിറഞ്ഞ പ്രദേശം ചൂണ്ടികാട്ടി എന്റെ കൂട്ടുകാർ പറഞ്ഞു ഇത് ചാലാണ്. പാടങ്ങളിലേക്ക് വെള്ളം ഒഴുക്കേണ്ടുന്ന നീർചാലുകൾ. അവയ്ക്ക് മുകളിൽ മാത്രം അവ കാണാൻ പറ്റാത്തവണ്ണം ഹരിതവത്കരണം നടന്നിരിക്കുന്നു. നാലു വർഷം

മുൻപ് കേരളത്തിലെ വെണ്ണിക്കുള്ളം എന്ന സ്ഥലത്ത് എന്റെ ഒരു ബന്ധുവിന്റെ മരണത്തിൽ പങ്കെടുക്കാനെത്തിയതാണ്. ഉച്ച കഴിഞ്ഞിട്ടും ശവമെടുക്കുന്നില്ല. കാര്യം അന്വേഷിച്ചപ്പോൾ അറിഞ്ഞു ശവം കുളിപ്പിക്കാനുള്ള വെള്ളം എത്തിയിട്ടില്ലത്രേ? വീണ്ടും ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ നാലഞ്ച് വീപ്പകളിലായി ഒരു പെട്ടിവണ്ടിക്കുള്ളിലായ് വെള്ളമെത്തി. ഇതിനിടയിൽ വെറുതെ ഒന്ന് നടക്കാനിറങ്ങിയ ഞാൻ മറ്റൊരു കാഴ്ച കണ്ടു. ഗവൺമെന്റ് പൈപ്പിനു മുമ്പിൽ നൂറിനും മീതെ കുടങ്ങളും കലങ്ങളും ബക്കറ്റുകളും... വലിയ ക്യൂ.... അവയുടെ മുമ്പിലെ പൈപ്പിന്റെ നാളത്തിൽ നിന്ന് പ്രകൃതിയുടെ കണ്ണീരെന്നപോലെ തുള്ളി തുള്ളിയായി വീണുകൊണ്ടിരിക്കുന്ന ദാഹജലം. 44 നദികളും, കുളങ്ങളും, അരുവികളും തീരത്തെ സാഗരവും ത്രിവേണി സംഗമവും ഒക്കെ....ആ കണ്ണീർ തുള്ളിക്കുള്ളിൽ ഒതുങ്ങി പോയതായി അന്ന് തോന്നിയിരുന്നു. ഇപ്പോഴത്തെ വാർത്തകൾ അതിന് താങ്ങ് നിൽക്കുമ്പോൾ ഉള്ളിന്റെ ഉള്ളിൽ ഞാനാ ഗ്രഹിക്കുന്ന കേരളത്തിൽ വീണ്ടും ജലസമൃദ്ധിയുടെ, പച്ചപ്പിന്റെ ആ ദിനങ്ങൾ തിരികെ എത്തണം.

കാരണം ശാന്തിവനം എന്ന ആശ്രമത്തിന്റെ കെട്ടിട സമുച്ചയങ്ങളിൽ ഒന്നിലിരിക്കുന്ന ഞാൻ ഒരു സത്യം തുറന്ന് പറയട്ടെ ഇവിടെ വൈദ്യുതി നില യ്ക്കാറില്ല, വെള്ളം ഇല്ലാത്തൊരവസ്ഥയും ഞാൻ കണ്ടിട്ടില്ല. മറ്റൊരു സത്യം കൂടി പറയട്ടെ! ഇവിടെ പറയത്തക്കവണ്ണം കിണറുകളില്ല. ഏഴു കിലോമീറ്റർ അകലെ ഒരു നദി ഉണ്ട്. പേര് നദി എന്നാണെങ്കിലും വറ്റി വരണ്ട മണലാരണ്യമാണെന്നതാണ് സത്യം. അതിനകത്ത് ഒരു വലിയ കുഴികുത്തി അതിനുള്ളിൽ നിന്ന് ജലം ശേഖരിച്ച് അതിനെ ശുദ്ധികരിച്ച ശേഷ മാണ് ഇവിടെ ഈ പ്രജാപിതാ ബ്രഹ്മാകുമാരീ സിന്റെ ഹെഡ്ക്വാർട്ടേഴ്സിന്റെ ഉള്ളിൽ കുടി വെള്ളം എത്തുന്നത്. മാത്രമല്ല വർഷത്തിൽ മുഴുവൻ ദിവസവും പ്രോഗ്രാമുകൾ നിറഞ്ഞ ഈ കാമ്പസിനുള്ളിൽ പലപ്പോഴും മുപ്പതിനാ യിരത്തിന് മേൽ ആളുകൾ ഉണ്ടായിരിക്കും. അവരുടെ സകല കാര്യങ്ങൾക്കുമുള്ള ജലത്തിനു പുറമെ പുറത്തുള്ള ഗ്രാമങ്ങളിലേക്കും ജലവിത രണം ഈ വിദ്യാലയത്തിലെ സേവാധാരികൾ വളരെ വർഷങ്ങളായി ചെയ്യുന്ന സേവനമാണ്. മറ്റൊരു കാര്യം ഇവരാരും തന്നെ ശമ്പളത്തിന് ജോലി ചെയ്യുന്നവരല്ല. ഈശ്വരന്റെ സേവനത്തിനായ് ജീവിതം ഉഴിഞ്ഞ് വച്ചിട്ടുള്ള ഇവർ സന്തോഷത്തോടെ അതിലേറെ ചാരിതാർത്ഥ്യത്തോടെയാണ് ദിനങ്ങൾ പിന്നിടുന്നത്. കേട്ടിട്ടുണ്ട് സ്വാതന്ത്ര്യത്തിന് ശേഷം 2,000-ാം ആണ്ട് വരെ 2500 കോടിയിലേറെ തുക പാലക്കാടിലെ അട്ടപ്പാടി ഗ്രാമത്തിന്റെ വികസന ത്തിനായ് ചിലഴിച്ചിട്ടുണ്ടത്രേ? 2006 ൽ സ്വർണ്ണിമ ഭാരത യുവ പദയാത്രയുടെ ഒരു ശാഖ അട്ടപ്പാടിയിലൂടെ കടന്നുപോയപ്പോൾ അതിലൊരു പദയാത്രികനായ് ഞാനും ഉണ്ടായിരുന്നു. 2500 കോടിയുടെ പോയിട്ട് 5 കോടിയുടെ പോലും വികസനം അവിടെ നടത്തി യിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പാവപ്പെട്ടവന്റെയും ആദിവാസികളുടെയും കണ്ണിൽ പൊടിവാരിയിട്ടുണ്ടാക്കിയ സമ്പാദ്യ ശേഖരങ്ങൾ കാരണം മരിച്ചാലും കേരളത്തിൽ മേലനങ്ങി ഒരു പണിയും ചെയ്യില്ല എന്ന നിലയിലേക്ക് കേരളത്തിലെ യുവതലമുറ മാറിയിരിക്കുന്നു.

അന്യസംസ്ഥാനത്തുള്ളവൻ കൂലിപ്പണിക്ക് വന്ന് അലക്കിതേച്ച വസ്ത്രമണിഞ്ഞ് കാറിലും ടൂവീലറു കളിലുമെത്തി വൈകുന്നേരം 650 മുതൽ മേലോട്ടു തുകകൈപ്പറ്റി മടങ്ങുമ്പോൾ കേരളത്തിന്റെ അഭ്യസ്ഥ വിദ്യനായ ചെറുപ്പക്കാരൻ പാന്റും കോട്ടും ടൈയ്യു മണിഞ്ഞ് കൈയ്യല്ല തലകാണിച്ചാലും നിർത്താത്ത നമ്മുടെ ട്രാൻസ്പോർട്ട് ബസ്സുകളുടെ പിന്നാലെ ഓടി നടക്കുന്നു. കഷ്ടപ്പെട്ട് ഒരു മാസം പിന്നിട്ടാൽ കൈയ്യിൽ കിട്ടുന്നത് നാലായിരം അയ്യായിരം, ചിലപ്പോൾ ചിലർക്ക് പതിനായിരം. എല്ലാ ചിലവും കഴിഞ്ഞാൽ ശേഷിക്കുന്നത് കടം.

ഹിന്ദിയറിയാതെ കേരളത്തിൽ ജീവിക്കാനാകില്ലെന്ന കാലം വിദൂരമല്ല. ലാഭങ്ങളുടെ പിന്നാലെ പരക്കം പായുന്ന സഹോദരങ്ങളെ ഒരു പക്ഷെ നിങ്ങളുടെ കണ്ണിൽ കാണാതെ പോയവയാകാം ഈ സത്യങ്ങൾ.

നാലുവശവും മതിലും അതിനുള്ളിൽ വലിയ വീടും, കാറും, ഫോണും ടൂവീലറുകളും നിറഞ്ഞ നമ്മുടെ ന്യൂക്ലിയർ കുടുംബങ്ങൾക്ക് അടുത്തവീട്ടിൽ നടക്കുന്ന തെന്താണെന്ന് പോലും അറിയില്ല. പക്ഷെ ഭൂമിയുടെ മറുതലയിൽ ഇരിക്കുന്നവൻ എപ്പോൾ ഉണരുന്നു എപ്പോൾ ഉറങ്ങുന്നുവെന്നും, ചന്ദ്രനിൽ എന്ത്, എത്രകുഴിച്ചാൽ ചൊവ്വയിൽ വെള്ളം കിട്ടും എല്ലാം അറിയാം.

ഇനിയെങ്കിലും പ്രിയ മലയാളി സുഹൃത്തുക്കളെ ഇടയ്ക്കൊക്കെ ഒന്ന് വീടിനു വെളിയിലിറങ്ങി ചുറ്റും ഒന്ന് കാണാൻ ശ്രമിക്കുക. സ്വയത്തിലേക്കൊന്ന് നോക്കുക. പരക്കം പാച്ചിലുകൾക്കിടയിൽ നിങ്ങളുടെ കൈയ്യിൽ നിന്ന് വഴുതി താഴെ പോയത് എന്തൊക്കെ യെന്ന് ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതുവരെ ശേഖരിച്ചവ യഥാർത്ഥത്തിൽ ശേഖരണമല്ല നാശത്തിന്റെ വിത്തുകളാണെന്ന് കാലവും പ്രകൃതിയും ചേർന്ന് മനസ്സിലാക്കിത്തരും. ഇതൊരു ശാപമല്ല... മാറ്റി ചിന്തിക്കേണ്ട സമയം അതിക്രമിച്ചു ഇനിയെങ്കിലും ഒരുമിച്ചുകൂടെ...

പ്രിയ മലയാളി സഹോദരങ്ങളെ ഒരു നല്ല നാളെയ്ക്കായ്..........

നമ്മൾ തമ്മിൽ

നിങ്ങളുടെ പ്രിയപ്പെട്ട ഹവിസ്സ് വായനക്കാർക്ക് വേദിയൊരുക്കുന്നു.
നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങൾക്ക് എഴുതുക.

havissmonthly@gmail.com



# കലിയുഗ കല്മഷം മാറ്റി ദൈവീകഗുണങ്ങൾ നേടാൻ

# സഹജരാജയോഗം

ബി.കെ.മാമ്പള്ളി.ജി.ആർ, ചാത്തന്നൂർ

നമ്മുടെ ഉള്ളിലെ നൈസർഗ്ഗികമായ ഗുണങ്ങളുമായിനിരന്തരംബന്ധപ്പെടാനുംസഹജമായസന്മാർഗ്ഗ ബോധത്തിലൂടെ, ന്യായബോധത്തിലൂടെ, സത്യമായ മനസാക്ഷിയുടെ നിർദ്ദേശങ്ങൾ അനുസരിക്കാനും ആ രീതി സരളമാക്കാനും രാജയോഗ ധ്യാനത്തിലൂടെ കഴിയുന്നു. ധ്യാനം ഇടവിടാതെ അഭ്യസിക്കുന്നതിലൂടെ സകാരാത്മ ചിന്തയും വൈകാരിക പക്വതയും സഹജമായി കൈവരുന്നു.

ആത്മാഭിമാനത്തിലും സത്യസന്ധതയിലും വേരുറച്ചതാണ് സകാരാത്മ ചിന്തകൾ. ചിന്തനം എന്ന പ്രക്രിയ തിരഞ്ഞെടുക്കൽ എന്ന പ്രക്രിയയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അഹങ്കാരം, മാനസിക പിരിമുറുക്കം, മാനസിക ആഘാതം എന്നിവയിലൂടെയുണ്ടാകുന്ന നകാരാത്മക ചിന്തകളെ എങ്ങനെ ആത്മവിശ്വാസത്തിലൂടെ പ്രതിരോധിക്കാൻ കഴിയും എന്നതു ചിന്തനം ചെയ്യേണ്ട താണ്.

പരിഹരിക്കപ്പെടാതെ അവശേഷിച്ചിട്ടുള്ള, ഇപ്പോഴും ദു:ഖം തന്നുകൊണ്ടിരിക്കുന്ന കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങളിൽ നിന്നും ഉണ്ടാകുന്ന ഭാവനകളിൽ എങ്ങനെ അനാസക്ത മനോഭാവം വളർത്തിയെടുക്കാം എന്നതോടൊപ്പം ആത്മസംതൃപ്തി, അനാവശ്യമായ കാര്യങ്ങളിൽ ഇടപെടാതിരിക്കുക, അന്തസ്സ്, സ്ഥിരത എന്നീ വൈകാരിക പക്വതയുടെ ഘടകങ്ങളെക്കുറിച്ച് അറിയാനും കഴിയുന്നു.

മൂല്യങ്ങൾ ഇല്ലാതെ മോശമായ രീതിയിൽ വാക്കുകൾ ഉപയോഗിക്കാനുള്ള പ്രവണതകൾ കുട്ടികൾ പഠിച്ചെടുക്കുന്ന തരത്തിൽ ബന്ധങ്ങൾ ശിഥിലമായ കുടുംബാന്തരീക്ഷത്തിൽ പക്വതയുള്ള വിധികളെ സാംശീകരിക്കാൻ രാജയോഗധ്യാനം വളരെ സഹായിക്കുന്നു. ധ്യാനത്തിന് പല പല സ്ക്കൂളുകൾ, ആശ്രമങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം പലസമ്പ്രദായങ്ങൾ പഠിപ്പിക്കുന്നുണ്ട്. എന്നാൽ രാജയോഗം മറ്റെല്ലാ ധ്യാനമുറകളിലുമുള്ള പ്രാപ്തികൾ അടങ്ങിയതാണ്. ശ്രീമത് ഭഗവദ് ഗീതയിൽ പരാമർശിച്ചിരിക്കുന്ന ധ്യാനരീതിയാണിത്. രാജയോഗം അർത്ഥം എല്ലാ യോഗങ്ങളുടെയും രാജാവ്. ലക്ഷ്യബോധത്തോടെ ചെയ്യുന്ന ആത്മീയ തത്വങ്ങളെ കുറിച്ചുള്ള ചിന്തനങ്ങളാണിതിൽ. ഓരോ ചുവടിൽ നിന്നും പടി പടിയായി കയറി നമ്മൾ ഉയർന്ന സ്ഥിതിയിൽ ക്രമേണ എത്തുന്നു. നമ്മളിലുള്ള ജ്ഞാനം അനുസരിച്ച് ശരിയെന്നു തോന്നുന്ന രീതികൾ നമുക്ക് തിരഞ്ഞെടുക്കാം. തികച്ചും വ്യക്തിപരമായ കാര്യമാണ് ധ്യാനം. നമ്മുടെ ഉള്ളിന്റെയുള്ളിൽ നിന്നും വരുന്ന ഒരു പ്രേരണയാണിത്.

ധ്യാനത്തെ ഒരു തീർത്ഥയാത്രയായി പലപ്പോഴും വർണ്ണിക്കാറുണ്ട്. കാരണം ധ്യാനത്തിലൂടെ നമ്മുടെ ഉള്ളിലെ വിഭിന്നമേഖലകളിലൂടെ നമുക്ക് കടന്നു പോകേണ്ടതുണ്ട്. നിരന്തരമായ പുതിയ കണ്ടെത്തലുകളുടെ യാത്രയാണിത്. ഇതിനായി വേറെ കുറുക്കുവഴികൾ ഒന്നും തന്നെയില്ല. ധ്യാനത്തിൽ കൂടുതൽ അനുഭവം നേടാൻ രാജയോഗ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന റിക്കാർഡു ചെയ്ത മെഡിറ്റേഷൻ കമന്ററി കാസറ്റുകൾ, സിഡികൾ ഇവ ഇഷ്ടാനുസരണം ഉപയോഗിക്കാം. ബ്രഹ്മാകുമാരീസ് റിട്രീറ്റ് സെന്ററിൽ നിന്നും റിട്രീറ്റ് പരിപാടിയിൽ പങ്കെടുത്ത് അതിലൂടെ ലഭിക്കാവുന്ന പ്രാപ്തികൾ സ്വായത്തമാക്കാം. യോഗ ശക്തികൊണ്ട് സമ്പന്നമായ ഒരു അന്തരീക്ഷത്തിൽ പരിചയ സമ്പന്നരും വിദഗ്ദ്ധരുമായ യോഗികളിൽ നിന്നും ലഭിക്കുന്ന പരിശീലനം നേടുക എന്നിവ ധ്യാനത്തിന്റെ അഗാധമായ തലങ്ങളുടെ അനുഭവം ഉണ്ടാക്കിയെടുക്കാൻ സഹായിക്കും.

ധ്യാനത്തിൽ നമ്മുടേതായ ഒരു താളം വികസിപ്പിച്ച് എടുക്കുക. നമ്മുടെ ഉള്ളിലെ അസ്തിത്വത്തെ ആന്തരികമായ ജ്ഞാനത്തിലൂടെ കണ്ടെത്തുക. ശാന്തി, സുഖം, ശക്തി എന്നിവ വളർത്തിയെടുക്കുക, ഇവ ഇതിന്റെ ഉദ്ദേശ്യങ്ങളാണ്.

മനസ്സിലെ ഭൗമദൃശ്യങ്ങൾ പൂർണ്ണ ബോധത്തോടെ ചിന്തനം ചെയ്യുന്നതിന്റെ വിധിയെന്നപോലെ ധ്യാനം ഉപബോധമനസ്സിനെ പ്രാപിക്കുന്നതിനുള്ള ഒരു വഴി കൂടിയാണിത്. അത് ഏകാഗ്രത വർദ്ധിപ്പിക്കുന്നു. ഒരേ ദിശയിൽ ചിന്തിക്കാനും അതിൽ നിന്നു മാർഗ്ഗഭ്രംശം വന്നാൽ അപ്പോൾ തന്നെ അത് മനസ്സിലാക്കുവാനും ധ്യാനം നമ്മെ സഹായിക്കുന്നു. നമ്മുടെ ചിന്തകളുടെ സ്വഭാവം തിരിച്ചറിയുവാനും അതിൽ നിന്നും സകാരാത്മകവും ലക്ഷ്യപ്രാപ്തിക്കനുയോജ്യമായത് തിരഞ്ഞെടുക്കുവാനും നമുക്ക് കഴിയുന്നു.